By Special Messenger

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – എസ്റ്റാബ്ലിഷ് മെന്റ് - ട്രഷറി വകുപ്പ് - ഓണം പ്രമാണിച്ച് ശമ്പളവും ആനുകൂല്യങ്ങളും പെൻഷനും മുൻകൂറായി വിതരണത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്

സ.ഉ (സാധാ)നം. 6256/2017/ധന തിരുവനന്തപുരം, തീയതി. 07. 08. 2017

ഉത്തരവ്

ഓണം പ്രമാണിച്ച് ഫുൾ ടൈം, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, വർക്ക് എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫ്, എല്ലാ വകുപ്പിലെയും, എസ്.എൽ.ആർ, എൻ.എം.ആർ ജീവനക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾ, കോളേജുകൾ, പോളിടെക്നിക്കുകളിലെ ജീവനക്കാർ, അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് ആഗസ്റ്റ് മാസത്തിലെ ശമ്പളം കെ.എഫ്.സി വാല്യം 1-ലെ ആർട്ടിക്കിൾ 75(a)&(b) യിൽ ഇളവു വരുത്തി, താഴെ കാണും പ്രകാരം മുൻകൂറായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| (i) | 25.08.17 | കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 75(b)(i) -ലെ ഭാഗം A യിലും B യിലും ഉൾപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും നീതിന്യായ നിർവ്വഹണ വകുപ്പുകളും |
| (ii) | 26.08.17 | കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 75(b)(i) -ലെ ഭാഗം A യിലും B യിലും ഉൾപ്പെടുന്ന ശേഷിക്കുന്ന വകുപ്പുകൾ |
| (iii) | 29.08.17 | കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 75(b)(i) -ലെ ഭാഗം C യിൽ ഉൾപ്പെടുന്ന മറ്റു വകുപ്പുകൾ |

സർവ്വീസ് പെൻഷണേഴ്സ്/ഫാമിലി പെൻഷണേഴ്സ്, കെ.എഫ്.എഫ്. പെൻഷണേഴ്സ് എന്നിവർക്ക് സെപ്റ്റംബർ മാസത്തെ പെൻഷനും 30.08.17, 31.08.17 തീയതികളിൽ വിതരണം ചെയ്യുന്നതിനും ഉത്തരവാകുന്നു.

മേൽ തീയതികളിൽ മാറ്റി എടുക്കാൻ കഴിയാത്ത ബില്ലുകൾ തുടർന്നു വരുന്ന തീയതികളിൽ മാറ്റിയെടുക്കാവുന്നതാണ്.

കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 76(b) പ്രകാരം ബന്ധപ്പെട്ട വകുപ്പുകളിലെ ഡി.ഡി.ഒ മാർ പ്രസ്തുത ബില്ലുകൾ വിതരണ തീയതിയ്ക്ക് മുന്ന് പ്രവൃത്തി ദിവസം മുമ്പ് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

റ്റി.കാഞ്ചന

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ ഓഫ് ട്രഷറീസ്, തിരുവനന്തപുരം
എല്ലാ വകുപ്പ മേധാവികൾക്കും, ഡി.ഡി.ഒ മാർക്കും

To

ദി രജിസ്ട്രാർ,
മഹാത്മാഗാന്ധി സർവകലാശാല,
കോട്ടയം.

## മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.4976/എ.3/2/2017/ഭ.വി. തീയതി : 14/08/2017

മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സ.ഉ.(സാധാ) നമ്പർ.6256/2017/ധന തീയതി 07/08/2017 സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസ്‌ലർ ഉത്തരവായിരിക്കുന്നു.

ഇതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ I (ഭ.വി.)
രജിസ്ട്രാർക്കു വേണ്ടി

1) എല്ലാ വിഭാഗങ്ങളും/ഡിപ്പാർട്ട്മെൻറുകളും/സെൻററുകളും.
2) വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി.
3) രജിസ്ട്രാർ./എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
4) ജോയിൻറ് ഡയറക്ടർ, .
കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്,
മഹാത്മാഗാന്ധി സർവകലാശാല
5) പി.ആർ.ഒ./സിസ്റ്റം അഡ്മിനിസ്ട്രേഷൻ/സി.എം.എസ്.
(വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി).
6) എഫ്.സി.സി./എ.സി.സി./ഫിനാൻസ് III/എസ്.എഫ്.I./ ഐ.ക്യൂ.എ.സി
എഡി എ1/ എഡി.എ II/എഡി.എ IV/എഡി എ V/എഡി.സി.I/II.
7) സ്റ്റോക്ക് ഫയൽ/റെക്കാർഡ്സ് സെക്ഷൻ.
8) ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/562/2011/ഭ.വി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ